**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 400** **28-06-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള സമ്പദ് വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയും കേരള സമ്പദ് വ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും തമ്മിൽ താരതമ്യം അർഹിക്കാത്തതിനാൽ ആയത് സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടില്ല. |
| (ബി) | നിലവിലെ സാമ്പത്തിക സൂചകങ്ങൾ പ്രകാരം ശ്രീലങ്കയിലേതിന് സമാനമായ ഒരു തകർച്ച കേരളത്തിലുണ്ടാകാൻ സാധ്യതയുള്ളതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രതിസന്ധി മറികടക്കുന്നതിന് ധനകാര്യ മാനേജ്മെന്റിലും നയത്തിലും ഏതൊക്കെ തരത്തിലുള്ള തിരുത്തൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂ കമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |

സെക്ഷൻ ഓഫീസർ